KSFE

ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്
(ഒരു കേരള സർക്കാർ സ്ഥാപനം)
ഭദ്രത, മ്യൂസിയം റോഡ്, പി. ബി. നമ്പർ. 510, തൃശ്ശൂർ – 680 020, കേരള, ഇന്ത്യ
ഫോൺ: +91 487 2332255, ഫാക്സ്: +91 487 2336232, www.ksfe.com

Ref No:12404 09/05/2024

## സർക്കുലർ നമ്പർ 19/2024 (BD)

വിഷയം:- ചിട്ടി ക്യാൻവാസിംഗ് കമ്മീഷൻ നൽകുന്നത് സോഫ്റ്റ്‌വെയർ അധിഷ്ഠിതമാക്കുന്നത് സംബന്ധിച്ച്.

സൂചന:- സർക്കുലർ നമ്പർ 39/2023 (BD) dt. 01/09/2023.

മേൽ സൂചന സർക്കുലർ പ്രകാരം 01/09/2023 മുതൽ ഏജൻസി കമ്മീഷനും, ഡോർ കളക്ഷൻ കമ്മീഷനും പരിഷ്കരിക്കുകയുണ്ടായി. കൂടാതെ 2023 ഒക്ടോബർ മാസം മുതൽ ഡോർ കളക്ഷൻ കമ്മീഷൻ ഏജന്റുമാരുടെ അക്കൗണ്ടിലേക്ക് ഓട്ടോമാറ്റിക് ആയി വരവ് വെയ്ക്കുന്ന സംവിധാനം നിലവിൽ വരികയും ചെയ്തു. ഇതുവഴി ഏജന്റുമാർക്ക് എല്ലാ മാസവും ആദ്യ പ്രവർത്തി ദിവസം തന്നെ ഡോർ കളക്ഷൻ കമ്മീഷൻ ലഭ്യമാക്കുന്നതിന് സാധിച്ചു.

ഇതിന്റെ തുടർച്ചയായി, ഇപ്പോൾ ക്യാൻവാസിംഗ് കമ്മീഷൻ നൽകുന്നത് കൂടി സോഫ്റ്റ്‌വെയർ അധിഷ്ഠിതമാക്കി മാറ്റുകയാണ്. നടപ്പ് സാമ്പത്തിക വർഷം (2024-25) മുതൽ രജിസ്റ്റർ ചെയ്യുന്ന എല്ലാ ചിട്ടികളിലും ഏജന്റുമാർ ചേർക്കുന്ന ടിക്കറ്റുകളുടെ കമ്മീഷൻ, 3 മാസം പൂർത്തിയാകുന്ന മുറയ്ക്ക്, കമ്മീഷൻ വ്യവസ്ഥകൾ പാലിച്ചു കൊണ്ട് ഓട്ടോമാറ്റിക് ആയി മാസാവസാനം ഏജന്റുമാരുടെ സുഗമ അക്കൗണ്ടുകളിലേയ്ക്ക് മാറുന്നതാണ്. ആയതിനാൽ 01/04/2024 മുതൽ രജിസ്റ്റർ ചെയ്യുന്ന ചിട്ടികളുടെ ക്യാൻവാസിംഗ് കമ്മീഷൻ Manual സംവിധാനത്തിലൂടെ മാറ്റുവാൻ പാടുള്ളതല്ല എന്ന് നിർദ്ദേശിച്ചു കൊള്ളുന്നു. ഇതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ കൂടി ശാഖകൾ പാലിച്ചു പോരേണ്ടതാണ്.

1. ഓരോ ചിട്ടി ഉടമ്പടിയും കാസ് ബയിൽ എൻറോൾമെന്റ് പൂർത്തിയാക്കിയ ശേഷം കളക്ഷൻ നടത്തുന്നതിന് മുൻപ് ബന്ധപ്പെട്ട അസിസ്റ്റന്റ് മാനേജർ ചിറ്റാളന്റെ വിവരങ്ങൾ, ചേർത്ത ഏജന്റിന്റെ പേര് എന്നിവ പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ്.
2. എല്ലാ മാസവും അവസാനത്തെ പ്രവർത്തി ദിവസം (ചിട്ടി രജിസ്റ്റർ ചെയ്ത് 3 മാസം പൂർത്തിയാകുന്ന മുറയ്ക്ക്) ക്യാൻവാസിംഗ് കമ്മീഷനിൽ നിന്നും TDS പിടിച്ച ശേഷമുള്ള തുക ഏജന്റുമാരുടെ സുഗമ അക്കൗണ്ടിലേക്ക് മാറുന്നതാണ്. ഈ വിധം ആദ്യഘട്ട കമ്മീഷൻ ജൂൺ 30 മുതൽ ലഭ്യമായി തുടങ്ങുന്നതാണ്.
3. ചിട്ടി തുടങ്ങി 3 മാസം പൂർത്തിയാകുന്ന മുറയ്ക്ക് കമ്മീഷൻ ലഭിക്കാതെ ബാക്കി നിൽക്കുന്ന ടിക്കറ്റുകളിലെ കുടിശ്ശിക തീർക്കുന്ന പക്ഷം കമ്മീഷൻ അതാത് മാസം ലഭ്യമാകുന്നതാണ്.
4. ഏജന്റ് ചേർത്തിട്ടുള്ള ടിക്കറ്റ് രണ്ടാം തവണ മുതൽ മുടക്കം വരുകയാണെങ്കിൽ, 5 തവണയ്ക്കുള്ളിൽ അതേ ഏജന്റ് പുതിയ വരിക്കാരനെ ചേർക്കുമ്പോൾ കാസ് ബയിൽ ഏജന്റിന്റെ പേരും mode of canvassing എന്ന കോളത്തിൽ “Agent” എന്നും കൃത്യമായി നൽകേണ്ടതാണ്. ഇത്തരത്തിലുള്ള ടിക്കറ്റുകളുടെ കാര്യത്തിൽ 3 മാസത്തെ അടവ് പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ക്യാൻവാസിംഗ് കമ്മീഷൻ ലഭിക്കുന്നതാണ്.

5. Prompt Subscriber's Contribution ഉപയോഗിച്ച്, ആ തുകയേക്കാൾ കൂടിയ മാസതവണ സംഖ്യയുള്ള ചിട്ടിയിലേക്കാണ് ഏജന്റ് ചിറ്റാളനെ ചേർക്കുന്നതെങ്കിൽ കാസ്ബയിൽ "Direct Enrollment" ആയി ചേർക്കേണ്ടതും ആയതിന്റെ കമ്മീഷൻ നിലവിലെ രീതിയിൽ നൽകേണ്ടതുമാണ്. ഇതിന് പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കേണ്ടതും ഓട്ടോമാറ്റിക് സംവിധാനം നിലവിൽ വരുന്നത് വരെ ഈ രീതി തുടരേണ്ടതുമാണ്.

6. ശാഖകൾ എല്ലാ മാസവും കമ്മീഷനുമായി ബന്ധപ്പെട്ട വൗച്ചർ പരിശോധിക്കുകയും TDS Credit Note തയ്യാറാക്കുകയും അനുബന്ധ പ്രവർത്തനങ്ങൾ നടത്തേണ്ടതുമാണ്.

7. ഏജന്റുമാരുമായി ബന്ധപ്പെട്ട ഫെസ്റ്റിവൽ അഡ്വാൻസ്, കുടിശ്ശിക തുക എന്നിവ ആദ്യ പ്രവർത്തി ദിവസം തന്നെ അവരുടെ സുഗമ അക്കൗണ്ടിൽ നിന്നും തിരിച്ച് പിടിക്കേണ്ടതാണ്. തുടർന്ന് മാത്രമാണ് മറ്റ് ഇടപാടുകൾ സുഗമ അക്കൗണ്ടിൽ അനുവദിക്കേണ്ടത്.

8. 31/03/2024 വരെ രജിസ്റ്റർ ചെയ്ത എല്ലാ ചിട്ടികളിലേയും ക്യാൻവാസിംഗ് കമ്മീഷൻ നിലവിലെ രീതിയിൽ തന്നെ നൽകേണ്ടതാണ്. ഇത്തരത്തിൽ മുഴുവൻ കമ്മീഷനും നൽകി കഴിയുന്ന മുറയ്ക്ക് ബന്ധപ്പെട്ട വാർഷിക സ്റ്റേറ്റ്മെന്റ് കാസ്ബയിൽ നിന്നും ലഭ്യമാകുന്നതാണ്.

ഏജൻസി കമ്മീഷൻ, ഡോർ കളക്ഷൻ കമ്മീഷൻ എന്നിവ നൽകുന്നത് സോഫ്റ്റ്‌വെയർ അധിഷ്ഠിതമാക്കുന്നതുവഴി ഏജൻസി സംവിധാനം കൂടുതൽ കാര്യക്ഷമമാകുമെന്ന് കരുതുന്നു. ശാഖകൾ ഇക്കാര്യങ്ങൾ ശ്രദ്ധാപൂർവ്വം കൈകാര്യം ചെയ്യണമെന്ന് നിർദ്ദേശിക്കുന്നു.

വിശ്വസ്തതയോടെ
കെ.എസ്.എഫ്. ഇ യ്ക്ക് വേണ്ടി

**ഡോ. സനിൽ എസ്.കെ**
**മാനേജിംഗ് ഡയറക്ടർ**

**To:-** എല്ലാ ശാഖാ തലവന്മാർക്കും

<u>പകർപ്പ്</u>

1. എല്ലാ മേഖലാ ഓഫീസുകൾക്കും
2. എല്ലാ IAD ടീമുകൾക്കും / പ്രിവന്റീവ് വിജിലൻസ് സ്ക്വാഡുകൾക്കും
3. MD യുടെ PA
4. ഹെഡോഫീസിലെ എല്ലാ വകുപ്പ് മേധാവികൾക്കും
5. എല്ലാ SDT ഓഫീസുകൾക്കും
6. സർക്കുലർ ഫയൽ